# പതിനാലാം കേരള നിയമസഭ

## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1309** **10.08.2017-ൽ മറുപടിയ്ക്ക്**

## വക്കം, കിളിമാനൂർ മത്സ്യ ചന്തകൾ

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം, കിളിമാനൂർ മത്സ്യ ചന്തകൾ നവീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; | എ) യും ബി) യും | ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം മത്സ്യചന്തയുടെ നവീകരണത്തിന് നിലവിൽ പദ്ധതിയില്ല. എന്നാൽ വക്കത്തിനടുത്തുള്ള നിലയ്ക്കാമുക്ക് ഫിഷ് മാർക്കറ്റ് 136.98 ലക്ഷം രൂപ അടങ്കലിൽ KIIFB പദ്ധതിയിലുൾപ്പെടുത്തി. നവീകരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.<br><br>ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2011-ൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന 50.00 ലക്ഷം രൂപയുടെ ഒരു പദ്ധതിയും 2012-ൽ ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായം ലഭിക്കുന്നതിനായി 137.55 ലക്ഷം രൂപയുടെ വിശദമായ ഡി.പി.ആർ.-ഉം സമർപ്പിച്ചിരുന്നു. ടി മാർക്കറ്റ് റീറ്റെയിൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി അടങ്കൽ തുക 100 ലക്ഷത്തിനകത്താക്കി പുതുക്കി സമർപ്പിക്കുവാൻ ദേശീയ മത്സ്യവികസന ബോർഡ് 21/06/2012-ൽ ആവശ്യപ്പെട്ടതനുസരിച്ച് പുതുക്കിയ റിപ്പോർട്ട് 85.41 ലക്ഷം രൂപ അടങ്കൽ തുകയിൽ 18/03/2013-ൽ ദേശീയ മത്സ്യവികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |
| ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ? | | |

സെക്ഷൻ ആഫീസർ